# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3673** 11.12.2018 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചാൻസിലേഴ്സ് അവാർഡ്

*ചോദ്യം*
ശ്രീ. വി. ഡി. സതീശൻ

*ഉത്തരം*
**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015, 2016, 2017 വർഷങ്ങളിൽ ചാൻസിലേഴ്സ് അവാർഡിന് അർഹത നേടിയ സർവ്വകലാശാലകൾക്ക് ലഭ്യമായ 5 കോടി രൂപ വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്താവശ്യത്തിനാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ചാൻസിലേഴ്സ് അവാർഡ് 2015,2016,2017 വർഷങ്ങളിൽ കരസ്ഥമാക്കിയത് യഥാക്രമം കേരള, മഹാത്മാഗാന്ധി, കൊച്ചിൻ സർവ്വകലാശാലകളായിരുന്നു.<br>കേരള സർവ്വകലാശാലയ്ക്ക് ലഭിച്ച അവാർഡ് തുക കാര്യവട്ടം ക്യമ്പസിലെ "ചാൻസിലേഴ്സ് അക്കാദമിക മൾട്ടിപ്ലക്സ്" - ന്റെ നിർമ്മാണത്തിനായി വിനിയോഗിച്ചുവരുന്നു.<br><br>മഹാത്മാഗാന്ധി സർവകലാശാല യ്ക്ക് ലഭിച്ച തുക "International Acadamia Convention Centre" ന്റെ നിർമ്മാണത്തിനാ യി വിനിയോഗിച്ചു<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ലഭിച്ച തുകയിൽ 2 കോടി 50 ലക്ഷം "Chancellor's Chair" ന് നീക്കിവച്ച് പ്രവർത്തനം ആരംഭിച്ചു. 50 ലക്ഷം രൂപ "Youth Faculty & Young Researchers Award" നായും 2 കോടി രൂപ ഗേൾസ് ഹോസ്റ്റൽ സമുച്ചയം നിർമ്മിക്കുന്നതിനായും വിനിയോഗിച്ച വരുന്നു. |
| (ബി) | വ്യത്യസ്ത സ്വഭാവമുള്ള സർവ്വകലാശാലകളെ ഓരോ വർഷവും അവാർഡിനായി | (ബി) | "Academic", "Teaching and Pedagogy Methods", "Student Profile and Achievement, "Academic Governance", |

| | | | |
|---|---|---|---|
| | വിലയിരുത്തുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; | | "Other Achievements" എന്നീ 5 വിഭാഗങ്ങളായി തിരിച്ചിട്ടുള്ള 47 മാനദണ്ഡങ്ങൾക്ക് പുറമെ ഈ വർഷം Social Inclusiveness of Universities, Utilization of previous years Chancellor's Award Fund എന്നീ മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചാണ് അവാർഡ് നിശ്ചയിച്ചത്. |
| (സി) | ഇതിന് പകരം **വിവിധ സർവ്വകലാശാലകളുടെ 4** വർഷത്തെ പ്രവർത്തനം വിലയിരുത്തി ചാൻസിലേഴ്സ് അവാർഡിനർഹതയുള്ള സർവ്വകലാശാലകളെ കണ്ടെത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ